# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3179 - 11/05/2017 - ലെ മറുപടിക്ക്

### സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്രധനസഹായം

ചോദ്യം

ഉത്തരം

ശ്രീ. മഞ്ഞളാംകുഴി അലി

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന പദ്ധതികൾക്കുള്ള ധനസഹായം കുറഞ്ഞുവരുന്ന സാഹചര്യം പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്ന സ്ഥിതിവിശേഷം സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ എന്താണ് ഈ ഇനത്തിലെ ധനസഹായം കുറയുന്നതിന് ഇടയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | 14-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 32 ശതമാനത്തിൽ നിന്നും 42 ശതമാനമായി വർദ്ധിപ്പിക്കുകയുണ്ടായി. എന്നാൽ സംസ്ഥാന പദ്ധതികൾക്കുള്ള സാധാരണ കേന്ദ്ര സഹായം (Normal Central Assistance), ഒറ്റത്തവണ കേന്ദ്ര സഹായം (One time Additional Central Assistance) എന്നിവ നിർത്തലാക്കിക്കൊണ്ടും മറ്റു ധനസഹായങ്ങളിൽ ആനുപാതികമായ കുറവ് വരുത്തിക്കൊണ്ടുമാണ് ഈ വർദ്ധനവ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളത്. കൂടാതെ കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റു പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. ഒഴിവാക്കിയ പദ്ധതികളെ 50 : 50 അനുപാതത്തിൽ സംസ്ഥാനത്തിന് നടപ്പിലാക്കാവുന്നതാണ്. കൂടാതെ 60 ശതമാനത്തിന് മുകളിൽ കേന്ദ്ര വിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60 : 40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടുണ്ട്. |
| ബി | സംസ്ഥാനപദ്ധതികൾക്കുള്ള പരമാവധി ധനസഹായം നേടിയെടുക്കുന്നതിന് ഈ സർക്കാരിന് കഴിയാത്ത സാഹചര്യം പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ; | കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച കേന്ദ്ര നയമാണ് പ്രധാന പ്രതിബന്ധം. പുതുക്കിയ ഫണ്ടിംഗ് പാറ്റേൺ പദ്ധതി നടത്തിപ്പിൽ പ്രതിസന്ധികളുണ്ടാക്കിയിട്ടുണ്ട്. അതുകൂടാതെ അഖിലേന്ത്യാ തലത്തിൽ രൂപീകരിക്കപ്പെടുന്ന മാനദണ്ഡങ്ങൾ സംസ്ഥാനത്തിന് യോജിക്കാതെ വരുന്ന പ്രശ്നങ്ങളും സംജാതമാകാറുണ്ട്. ഇക്കാര്യങ്ങളെല്ലാം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുന്നുണ്ട്. കേന്ദ്രാവിഷ്കൃത ഫണ്ട് |

| | | |
|---|---|---|
| | | വിനിയോഗത്തിന്റെ കാര്യത്തിൽ വേണ്ട ശ്രദ്ധ ചെലുത്തുന്നതാണ്. ഈ പ്രതിസന്ധികൾ തരണം ചെയ്യാൻ സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും കേരളത്തിന് അനുയോജ്യമായി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുവാൻ ആവശ്യപ്പെടാറുമുണ്ട്. |
| സി | പദ്ധതി റിപ്പോർട്ടുകൾ യഥാസമയം കേന്ദ്രത്തിന് സമർപ്പിക്കാത്തത് കാരണം ഈ വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ ഈ കുറവ് ഏത് രീതിയിൽ നികത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്; | കേന്ദ്ര ഗവൺമെന്റ് കേന്ദ്രാവിഷ്കൃത പദ്ധതി/ കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനം (പി.എഫ്.എം.എസ്) സംസ്ഥാനങ്ങളിൽ നടപ്പിലാക്കിവരികയാണ്. ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തും കേന്ദ്രസർക്കാരിന്റെ പി.എഫ്.എം.എസ് ഓൺ ലൈൻ സംവിധാനം ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കി വരികയാണ്. ഇതു പ്രകാരം |
| ഡി | കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും പരമാവധി തുക നേടിയെടുക്കുന്ന തരത്തിൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ? | പി.എഫ്.എം.എസ് സംവിധാനത്തിലൂടെ കേന്ദ്രപദ്ധതികൾ പ്രകാരം ലഭിക്കുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി എല്ലാ ഡിപ്പാർട്ട്മെന്റുകളും പി.എഫ്.എം.എസിൽ രജിസ്റ്റർ ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരുന്നു. പി.എഫ്.എം.എസ് സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കിക്കഴിയുന്നതോടെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം യഥാസമയം ലഭിക്കുന്നുണ്ടോയെന്നും അവ സമയബന്ധിതമായി വിനിയോഗിക്കുന്നുണ്ടോയെന്നും നിരീക്ഷിക്കുവാൻ കഴിയും. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും യഥാസമയം കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് വാങ്ങിയെടുക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ കോ-ഓർഡിനേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെൽ വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും ഫണ്ട് കേന്ദ്രസർക്കാരിൽ നിന്ന് കാലതാമസം കൂടാതെ വാങ്ങിച്ചെടുക്കുന്നതിനും കൂടുതൽ കേന്ദ്രസഹായം ലഭിക്കുന്നതിനുമുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിലേക്ക് അയച്ചുകൊടുക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**